**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 5245 — 02.07.2013 ൽ മറുപടിയ്ക്ക്

## നദികളിലെയും മറ്റും മലിനീകരണം സംബന്ധിച്ച പഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികൾ, തടാകങ്ങൾ, കിണറുകൾ എന്നിവയിലെ മലിനീകരണം സംബന്ധിച്ച പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെല്ലാം പുഴകളിലും തടാകങ്ങളിലും കിണറുകളിലുമാണ് അപകടമാംവിധം കോളിഫോം ബാക്ടീരിയ കണ്ടെത്തിയിട്ടുള്ളത്;വിശദമാക്കാമോ; | (ബി) | കേരളത്തിലെ കിണറുകളിൽ 80% ത്തോളം ജൈവാണുക്കൾ മൂലം മലിനീകരിക്കപ്പെട്ടിരിക്കുന്നതായാണ് പഠന റിപ്പോർട്ടുകൾ തെളിയിക്കുന്നത്. സംസ്ഥാനത്തെ എല്ലാ പുഴകളിലും കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണെന്ന് കണ്ടിട്ടുണ്ട്. |
| (സി) | ഇതിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) യും (ഡി) യും | (1) നദികളിലെ മലിനീകരണം കുറയ്ക്കുന്നതിനായി എല്ലാ ജില്ലകളിലും സെപ്റ്റേജ് /സ്വീവേജ് സംസ്ക്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>(2) തെരഞ്ഞെടുക്കപ്പെട്ട നദികളുടെ പാരിസ്ഥിതിക സംരക്ഷണത്തിനായി കർമ്മ പദ്ധതി തയ്യാറാക്കി വരുന്നു.<br>(3) കുടിവെള്ള സ്രോതസ്സുകളായ തടാകങ്ങളുടെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.<br>(4) വേമ്പനാട്, അഷ്ടമുടി, കവ്വായ് തടാകങ്ങളുടെ സംരക്ഷണത്തിനായി പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ